# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4014 16/03/2017-ലെ മറുപടിക്ക്

**എൻ.ജി.ഒ. കൾ വഴി നടപ്പിലാക്കിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. കെ.ദാസൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സംസ്ക്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി |
| എ) | മുൻ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിലായി എന്തെല്ലാം പദ്ധതികളാണ് എൻ.ജി.ഒ.കൾ വഴി നടപ്പിലാക്കിയിട്ടുള്ളത്. | എ) യും ബി) യും | **പട്ടികജാതി വികസന വകുപ്പ്**<br>മുൻ സർക്കാരിന്റെ കാലയളവിൽ ഭാരതീയ മാനവ വികസന സേവാ സംഘം, മാറനല്ലൂർ എന്ന സ്ഥാപനം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ പ്രോജക്ട് അംഗീകരിച്ച് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ടി സംഘത്തിന് 9,80,000/- രൂപ 18 ആധുനിക തയ്യൽ മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി അനുവദിച്ചു നൽകിയിരുന്നു.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>2012-13 സാമ്പത്തിക വർഷം വയനാട് ജില്ല മുക്കിപ്പീടിക പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 73 ഗ്രീൻ ഹോംസ് നിർമ്മിക്കുന്നതിനായി 25.00 ലക്ഷം രൂപ എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ വയനാടിന് അനുവദിച്ചിരുന്നു. |
| ബി) | പദ്ധതിയുടെ വിശദവിവരം തുകയുൾപ്പെടെ നൽകുമോ; | | |

| | | | |
|---|---|---|---|
| സി) | ഈ പദ്ധതികളുടെയെല്ലാം ഓഡിറ്റ് പൂർത്തീകരിച്ചിരുന്നോ; ഓഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; | സി) | പട്ടികജാതി വികസന വകുപ്പിൽ ഇത് പരിശോധിച്ചു വരുന്നു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>ടി പദ്ധതി ഓഡിറ്റിന് വിധേയമായിട്ടുണ്ട്. എന്നാൽ ക്രമക്കേട് ഒന്നും കണ്ടെത്തിയിട്ടില്ല. |
| ഡി) | ഏതെല്ലാം സോഫ്റ്റ് വെയറുകൾ വകുപ്പുകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരം നൽകുമോ; | ഡി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>2013-14 കാലയളവിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. G.O.(Rt)1520/2014/SCSTDD dated 05/09/2014 പ്രകാരം 4,44,946/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>1. ഇ-ഹൗസിംഗ്<br>2. 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള E-District സോഫ്റ്റ് വെയർ<br>3. പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി SOAS Software.<br>4. ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി "ജനനി ജന്മരക്ഷാ സോഫ്റ്റ് വെയർ" |

| | | | |
|---|---|---|---|
| | | | 5.എം.ആർ.എസുകളുടെ പ്രവർത്തന മോണിറ്ററിംഗ് ചെയ്യുന്നതിനായി SOAS Soft ware (ST online Application suit)<br>1. <u>ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ</u><br>ഭവനനിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾക്കുള്ള ധന സഹായ വിതരണം കൂടുതൽ സുതാര്യമായും കാര്യക്ഷമമായും കേന്ദ്രീകൃതാടിസ്ഥാനത്തിൽ പുരോഗതി വിലയിരുത്തുന്നതിന്<br>2. <u>ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയർ</u><br>1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥി കളുടെ വിദ്യാഭ്യാസാനുകൂല്യ ങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ രക്ഷിതാവിന്റെ വിലാസ ത്തിൽ മണി ഓർഡർ ആയി ലഭ്യമാക്കുന്നതിനായിട്ടാണ് ഈ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടു ള്ളത്.<br>3. <u>സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി സോഫ്റ്റ് വെയർ</u><br>പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് വികസിപ്പിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 4. <u>ജനനീ ജന്മ രക്ഷാ സോഫ്റ്റ് വെയർ</u><br>ഗർഭിണികളായ പട്ടികവർഗ്ഗക്കാർക്ക് പ്രതിമാസം നൽകുന്ന തുക നൽകുന്നതിനുള്ള സോഫ്റ്റ് വെയർ<br>5. <u>എം.ആർ.എസ് സോഫ്റ്റ് വെയർ</u><br>എം.ആർ.എസുകളുടെ പ്രവർത്ത നങ്ങൾ പുരോഗതി വിലയിരുത്തു ന്നതിനുള്ളത്. |
| ഇ) | പ്രസ്തുത സോഫ്റ്റ് വെയറുകളുടെ പകർപ്പുകൾ വകുപ്പുകളിൽ നിന്ന് ലഭിക്കുമോ; ഇതു മൂലം വകുപ്പിനുണ്ടായിട്ടുള്ള നേട്ടങ്ങൾ പരിശോധിച്ചി ട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഇ) | സി-ഡിറ്റ് മുഖേനയാണ് സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളത്. സോഫ്റ്റ്‌വെയർ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്ത് ഒട്ടാകെയുള്ള ഭവന നിർമ്മാണ പദ്ധതിയുടേയും ഭവന പുനരുദ്ധാരണ പദ്ധതിയുടെയും കാര്യക്ഷമമായ നടത്തിപ്പിന് സാധിക്കുന്നുണ്ട്. സോഫ്റ്റ് വെയറുക ളുടെ പ്രവർത്തനം പൂർണ്ണമായും പ്രവർത്തന ക്ഷമമായിട്ടില്ല. |

സെക്ഷൻ ഓഫീസർ